# കലിയിളക്കം ഓക്സ്ഫോർഡ് ബിഷപ്പിനു നേരെയും

**കാന്റർബറി** ബിഷപ്പിനുപിന്നാലെ ഓക്സ്ഫോർഡ് ബിഷപ്പും വിവാദക്കുരുക്കിലേക്ക്. തന്റെ പ്രഭാഷണത്തിൽ ശരീഅത്തിനെക്കുറിച്ച് ഒരു അഭിപ്രായം പറഞ്ഞതിന് ഭരണകൂടവും മീഡിയയും കാന്റർബറി ബിഷപ്പിനെ വേട്ടയാടുകയായിരുന്നു. അതിനേക്കാൾ നിസ്സാരമായ ഒരു കാര്യത്തിനാണ് ഓക്സ്ഫോർഡ് ബിഷപ്പ് റവ. ജോൺ പ്രിച്ചാർഡ് പ്രതിക്കൂട്ടിലായത്. ഓക്സ്ഫോർഡിലെ മുസ്‌ലിം പള്ളിയിൽ ബാങ്കുവിളി ഉച്ചഭാഷിണിയിലൂടെയാവുന്നതിന് തനിക്ക് വിരോധമില്ലെന്ന് അദ്ദേഹം പറഞ്ഞുപോയി. ഉടൻവന്ന ഒരു ഇ-മെയിൽ സന്ദേശം -സൂക്ഷിച്ചോ, തട്ടിക്കളയും. അടുത്ത് കിട്ടിയിരുന്നെങ്കിൽ മുഖത്ത് തുപ്പും എന്ന് മറ്റൊരാൾ. രാജിവെക്കണമെന്ന് മറ്റൊരു സന്ദേശം.


റവ. ജോൺ പ്രിച്ചാർഡ്

ബ്രിട്ടനിൽ ബാങ്കുവിളി ഉച്ചഭാഷിണിയിലൂടെ നടത്താൻ നഗരകൗൺസിലിന്റെ അനുവാദം വേണം. അതൊരു സാങ്കേതികത്വം മാത്രം. ളുഹ്ർ, അസ്ർ, മഗ്‌രിബ് എന്നീ ബാങ്കുകൾക്ക് മാത്രമാണ് അനുവാദം ചോദിച്ചത്. സ്വുബ്ഹി, ഇശാഅ് ബാങ്കുകൾ പ്രദേശവാസികൾക്ക് പ്രയാസമാകുമോ എന്നു കരുതി ഓക്സ്ഫോർഡ് സെൻട്രൽ മസ്ജിദ് കമ്മിറ്റി വേണ്ടെന്ന് വെക്കുകയായിരുന്നു. തീർത്തും സാധാരണവും ന്യായവുമായ ഒരു ആവശ്യത്തെ പിന്തുണച്ചതിനാലാണ് ബിഷപ്പിനെതിരെ നാനാഭാഗത്തുനിന്നും ഭീഷണികൾ ഉയരുന്നത്. 'ബ്രിട്ടീഷ് സമൂഹത്തിന്റെ ഇരുണ്ട ഉള്ളറകളാണ് ഇതിലൂടെ പുറത്തു ചാടിയിരിക്കുന്നത്' ബിഷപ്പ് പ്രിച്ചാർഡ് പറഞ്ഞു. ഇസ്‌ലാമോഫോബിയ ബ്രിട്ടീഷ് മനസ്സുകളെ എത്ര മാത്രം രോഗാതുരമാക്കിയിട്ടുണ്ടെന്നും കൊട്ടിഘോഷിക്കപ്പെടുന്ന പാശ്ചാത്യസെക്യുലരിസം എത്രമാത്രം അസഹിഷ്ണുത നിറഞ്ഞതാണെന്നും ഈ രണ്ടു സംഭവങ്ങളും തെളിയിക്കുന്നു.

## അമേരിക്കൻ കോൺഗ്രസ്സിലേക്ക് മറ്റൊരു മുസ്‌ലിം പ്രതിനിധികൂടി

**ആന്ദ്രെ** കാർസൻ(33) എന്ന ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർഥിയാണ് ഇന്ത്യാനാ സംസ്ഥാനത്തുനിന്ന് കോൺഗ്രസ്സിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ഈ മണ്ഡലത്തിലെ പ്രതിനിധിയായിരുന്ന ജൂലിയാ കാർസൻ മരണപ്പെട്ടതിനെ തുടർന്നാണ് അവരുടെ ചെറുമകനായ ആന്ദ്രെ ഉപതെരഞ്ഞെടുപ്പിൽ നല്ല ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടത്. ആന്ദ്രെക്ക് 52 ശതമാനം വോട്ടുലഭിച്ചപ്പോൾ റിപ്പബ്ലിക്കൻ എതിർസ്ഥാനാർഥിക്ക് 44 ശതമാനം വോട്ടാണ് ലഭിച്ചത്.

പ്രചാരണത്തിലുടനീളം ഇറാഖിൽനിന്ന് അമേരിക്കൻ സൈന്യത്തെ ഉടൻ പിൻവലിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ട ആന്ദ്രേക്ക് എല്ലാ വിഭാഗങ്ങളുടെയും പിന്തുണ ലഭിച്ചു. പത്തു വർഷം മുമ്പാണ് ആന്ദ്രേ ഇസ്‌ലാം സ്വീകരിച്ചത്. കീത്ത് എൽസൺ ആണ് അമേരിക്കൻ കോൺഗ്രസ്സിലെ ആദ്യ മുസ്‌ലിം പ്രതിനിധി.



# ഇറാനിൽ ക്വാട്ട ആണുങ്ങൾക്ക്

**ഇതുവരെകേട്ട** സംവരണമെല്ലാം സ്ത്രീകൾക്കാണല്ലോ. പലതിലും ലോകരീതിക്കനുസരിച്ചുനീങ്ങാതെ സ്വാതന്ത്ര്യം കാണിക്കുന്ന ഇറാനിൽ ഇനി സംവരണം ആണുങ്ങൾക്കും ഉള്ള ഒരു മേഖല - സർവകലാശാലകളിലെ പ്രവേശനം. പക്ഷേ, പെണ്ണുങ്ങളും പേടിക്കേണ്ട; അവർക്കുമുണ്ട് സംവരണം. രണ്ടു കൂട്ടർക്കും മുപ്പതു ശതമാനം വീതം. സ്ത്രീകളെ അടിച്ചമർത്തുകയാണെന്നാണല്ലോ വിമർശനം. എന്നാൽ സത്യം നേരെ തിരിച്ചാണ്. ഇറാനിയൻ സർവകലാശാലകളിൽനിന്ന് പഠിച്ചിറങ്ങുന്ന ബിരുദധാരികളിൽ, വിശിഷ്യാ വൈദ്യബിരുദധാരികളിൽ വലിയൊരു പെൺപട തന്നെയുണ്ട്. കാര്യങ്ങൾ ഇതേ പോക്കുപോയാൽ പുരുഷന്മാർ അത്യാവശ്യം ഉണ്ടാവേണ്ട ചില ഭിഷഗ്വര/എഞ്ചിനീയറിംഗ് മേഖലകളിൽ അവരുടെ എണ്ണം ഭാവിയിൽ നന്നേചുരുങ്ങിപ്പോകും എന്നുതിരിച്ചറിഞ്ഞാണത്രെ പുതിയ തീരുമാനം.

അതിനാൽ രണ്ടു വിഭാഗങ്ങളിൽനിന്നും ചുരുങ്ങിയതു മുപ്പതു ശതമാനമെങ്കിലും എണ്ണം രാജ്യത്തെ മെഡിക്കൽ, എഞ്ചിനീയറിംഗ്, മാനവിക വിഷയങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തലാണു ലക്ഷ്യമെന്നു ഇറാന്റെ അക്കാദമിക പരീക്ഷാ കേന്ദ്രത്തിന്റെ തലവൻ അബ്ദുർറസൂൽ പോർ അബ്ബാസ് വിശദീകരിച്ചു.

എങ്കിലും തീരുമാനം വനിതകളോടുള്ള വിവേചനമല്ലേ എന്ന വിമർശനം ഉയർന്നു വരാതെയല്ല. അല്ലെന്ന് അബ്ബാസ്. ഇപ്പോൾ സ്ത്രീകളുടെ പ്രാതിനിധ്യം കുറഞ്ഞ ചില പഠന വിഭാഗങ്ങളിൽ മുപ്പതുശതമാനം കൊണ്ട് അവർക്കുമുണ്ട് നേട്ടം. പെൺകുട്ടികൾ കൂടുതലുള്ള പ്രകൃതിശാസ്ത്ര വിഷയങ്ങളിൽ ആൺകുട്ടികൾക്കാവും മെച്ചം. എന്നാൽ ഗണിതശാസ്ത്രം, എഞ്ചിനീയറിംഗ് എന്നിവയിൽ പെൺകുട്ടികൾ കുറവാണ്. അവർക്ക് ഇതുകൊണ്ട് നേട്ടമാണുണ്ടാവുക. ഇറാനിൽ ഫാർമസി, ദന്തവൈദ്യം എന്നിവയിൽ പുതുതായി പ്രവേശനം നേടുന്നവരിൽ 60 ശതമാനവും സ്ത്രീകളത്രെ. സ്ത്രീ അവകാശങ്ങൾക്കു വേണ്ടി വാദിക്കുന്ന ചില കോണുകളിൽ നിന്ന് ഈ തീരുമാനത്തിനെതിരെ വിമർശനങ്ങൾ ഉയരാതെയല്ല. പിന്നെ എല്ലാവർക്കും മനസ്സിലാകുന്ന ഒരു കാര്യം ഇതിനുപിന്നിലും ഉണ്ട്. അതായത് ഒത്തിരി രാഷ്ട്രസമ്പത്ത് ഉപയോഗിച്ച് വിദഗ്ധ പഠനം നേടുന്ന സ്ത്രീകൾ ഒരർഥത്തിൽ ഒരു നഷ്ടം വരുത്തി വെക്കുന്നുണ്ട്. അവരിൽ ഒരു വലിയ വിഭാഗം പഠനം കഴിഞ്ഞ് അത് ഉപയോഗപ്പെടുത്താതെ വീട്ടിലിരുന്നു കളയുകയാണല്ലോ.



## ഫാലൺ ഒടുവിലത്തെ ഇര



**അഡ്.** വില്യം ജെ. ഫാലണിന്റെ പെട്ടെന്നുള്ള രാജിവെച്ചൊഴിയൽ ഇറാൻ ഏറെ വൈകാതെ ആക്രമിക്കപ്പെടുമെന്നതിന്റെ സൂചനയെന്ന് രാഷ്ട്രീയ നിരീക്ഷകർ. ഇറാഖിന്റെയും അഫ്ഗാനിസ്താന്റെയും ചുമതലയുള്ള അമേരിക്കൻ സെൻട്രൽ കമാൻഡിന്റെ തലവനും മധ്യപൗരസ്ത്യ ദേശത്തെ ഏറ്റവും മുതിർന്ന അമേരിക്കൻ സൈനിക ഉദ്യോഗസ്ഥനുമായിരുന്നു അറുപത്തിമൂന്നുകാരനായ ഫാലൺ. നുണകളുടെ ഫയലുകളുണ്ടാക്കി ഇറാനെ ആക്രമിക്കാനുള്ള നവയാഥാസ്ഥിക അമേരിക്കൻ ഭരണകൂടത്തിന്റെ കണ്ണിലെ കരടാണ് ഫാലൺ. പരസ്യമായിത്തന്നെ അദ്ദേഹം ഇറാൻ ആക്രമണ പദ്ധതിയെ എതിർക്കുകയും ചെയ്തു. 'വാഷിംഗ്ടൺ ചെണ്ടകൊട്ടി ഉയർത്തുന്ന ഈ യുദ്ധജ്വരം യാതൊരു പ്രയോജനവും ചെയ്യില്ല.' *അൽജസീറ* ചാനലിന് അനുവദിച്ച അഭിമുഖത്തിൽ അദ്ദേഹം തുറന്നടിച്ചു. 'ഒരു യുദ്ധമുണ്ടാകില്ലെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതിനു വേണ്ടിയാണ് ഞങ്ങൾ പ്രവർത്തിക്കുന്നതും.'

പക്ഷേ, എങ്ങനെയെങ്കിലും ഇറാനുമായി യുദ്ധമുണ്ടാക്കാനാണല്ലോ ബുഷിന്റെയും പ്രഭൃതികളുടെയും നീക്കം. അങ്ങനെ റിട്ടയർ ചെയ്യാൻ മാസങ്ങൾ ബാക്കിയിരിക്കെ ഫാലൺ സ്ഥാനമൊഴിഞ്ഞു. പുകച്ച് പുറത്തുചാടിച്ചു എന്നു പറയുന്നതാവും ശരി.